MR. PAUL THALIAT : ഫ്രണ്ട് -ലെ ബഡ്ഡറ്റ് അതിന് തുക കൊള്ളിച്ചിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN : ബഡ്ഡറ്റ് ഇപ്പോൾ കൈവശമില്ലാത്തതുകൊണ്ട് പറയാൻ നിവൃത്തിയില്ല.

MR. PAUL THALIAT : ബഡ്ഡറ്റിൽ തുക കൊള്ളിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഫ്രണ്ട് -ൽ പണി ആരംഭിക്കുമോ?

HON'BLE MR. E. K. MADHAVAN : അതിലേക്ക് ശ്രമിക്കാം.

MR. PAUL THALIAT : ബഡ്ഡറ്റിൽ തുക കൊള്ളിക്കാതെ പണി എങ്ങിനെയാണ് നടത്തുന്നതെന്ന് പറയാമോ?

HON'BLE MR. E. K. MADHAVAN : സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടോ അഥവാ ഡൈവർഷൻകൊണ്ടോ സാധിക്കാവുന്നതാണ്.

Medical Aid for Puthenchirai.

* 80. MR. PAUL THALIAT: Will the Honourable Minister for Medical be pleased to state:

(*a*) whether the Surgeon General had given a written assurance to the public of Puthenchirai that in case they contribute Rs. 1,000 Government will construct a dispensary building with provision for four beds in that locality;

(*b*) whether a plan according to the assurance given was prepared by the P. W. D.;

(*c*) whether it is a fact that the plan first made has been changed into a smaller typed one;

(*d*) if the answer to (c) is in the affirmative whether it is not contrary to the assurance previously given;

(*e*) whether the public have contributed Rs. 1,000 and if so when; and

(*f*) whether the construction of the dispensary will be undertaken this year itself?

HON'BLE MR. E. K. MADHAVAN: (*a*) No.

(*b*) No.

(*c*) and (*d*) In view of the answers to parts (a) and (b) these do not arise;

(*e*) Yes on 14-8-1122.

(*f*) This will be considered. The necessary provision has been made in the Budget of the current year.

LIBRARY ARCHIVES Kerala Legislative Assembly

MR. PAUL THALIAT : ബഡ്ജറിൽ കൊള്ളിച്ചിരിക്കുന്ന തുക ര ബെഡ് ഉണ്ടാക്കത്തക്കവണ്ണമുള്ള ഒരു കെട്ടിടം പണിയുന്നതിനു വേണ്ടിയാണോ ?

HON'BLE MR. E. K. MADHAVAN : ര ബെഡ് ഉള്ളതിനല്ല.

MR. PAUL THALIAT : ആദ്യം ര ബെഡ് ഉള്ള ഒരു കെട്ടിടംപണിയുന്നതിനുള്ള എസ്റ്റിമേറാണ് തയാറാക്കി അയച്ചിട്ടുള്ളതെന്ന് അറിയാമോ ?

HON'BLE MR. E. K. MADHAVAN ; ആദ്യം അങ്ങിനെയായിരുന്നു ചെയ്തത്. പക്ഷെ അതിനുവേണ്ടുന്ന തുക പിരിച്ചെടുക്കുന്നതിനു നാട്ടുകാർക്കു സാദ്ധ്യമല്ലെന്നു പറഞ്ഞതുകൊണ്ടു ചിലവു കുറഞ്ഞ രീതിയിൽ ഒരു ഡിസ്പെൻസറി പണിയാനാണ് തീരുമാനിച്ചിട്ടുള്ളത്.

MR. V. K. VARGHESE (*Pathanamthitta III—General*) : സർ, ഒരു പ്രായിൻറ് ഓഫ് ഓർഡർ. പ്രാദേശികാവശ്യങ്ങളെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ മെമ്പറന്മാർ സ്റ്റാർ ഇട്ടയച്ചു എന്ന കാരണംകൊണ്ടുമാത്രം അതിന് സഭയിൽ മറുപടി പറയേണ്ട ആവശ്യമുണ്ടോ എന്ന് അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: : പ്രാദേശികാവശ്യങ്ങൾക്കുള്ള ചോദ്യങ്ങൾ മെമ്പറന്മാർ സ്റ്റാർ ഇടാതെ തന്നെ അയയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

MR. V. K. VARGHESE : മെമ്പറന്മാർ ഒരുപക്ഷെ അതിനു വിപരീതമായി ചെയ്യുകയാണെങ്കിൽ അതിനു സഭയിൽ മറുപടി പറയേണ്ട ആവശ്യമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്.

MR. PRESIDENT : മെമ്പറന്മാർക്ക് അങ്ങിനെ ഒരു ഡയറക്ഷൻ കൊടുത്തിട്ടുണ്ടെന്നല്ലാതെ വേറിൽ അങ്ങനെ ഇല്ല. എങ്കിലും എല്ലാ മെമ്പറന്മാരും ആ ഡയറക്ഷൻ അനുസരിച്ച് ചെയ്യണമെന്നപേക്ഷിക്കുന്നു.

MR. K. A. MATHEW : ബാക്കിയുള്ള ചോദ്യങ്ങൾക്കുകൂടി ഇന്ന് ഉത്തരം കിട്ടത്തക്കവണ്ണം പ്രസിഡൻറ് ശ്രദ്ധിച്ചാൽ കൊള്ളാമെന്നൊരപേക്ഷയുണ്ട്.

MR. PAUL THALIAT : ൫,൦൦൦ രൂപാ കൊടുത്താൽ ര ബെഡ് ഉള്ള ഒരു കെട്ടിടം പണിയാമെന്ന് ഗവൺമെൻറ് നേരത്തെ സമ്മതിച്ചിട്ടുള്ളതായി അറിയാമോ?

HON'BLE MR. E. K. MADHAVAN : അത് അന്വേഷിച്ചു പറയാം.

LIBRARY ARCHIVES Kerala Legislative Assembly